## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5714 . 03.11.2016 ന് മറുപടിയ്ക്ക്.

**വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരളത്തിന്റെ പൈതൃകമായ വനങ്ങളെയും വന്യജീവികളെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായി എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാൻ പോകുന്നുവെന്ന് വിശദമാക്കുമോ; | **(എ)** കേരളത്തിന്റെ പൈതൃകമായ വനങ്ങളെയും വന്യജീവികളെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായി വനം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വനം വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി വനത്തിനകത്ത് കൃത്യമായി ഇടവേളകളിൽ പരാമ്പുലേഷൻ നടത്തുന്നതി-നോടൊപ്പം ക്യാമ്പ് ഷെഡ്, ആന്റി പോച്ചിംഗ് ക്യാമ്പ് എന്നിവ കേന്ദ്രീകരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വന്യജീവികളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ വസിക്കാൻ സാധ്യമാക്കുന്ന തരത്തിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വനത്തിനുള്ളിൽ തടയണകൾ നിർമ്മിച്ച് പരിപാലിച്ച് വരുന്നു. കൂടാതെ കാട്ടിനുള്ളിൽ ഫലവൃക്ഷതൈകൾ നട്ടു പിടിപ്പിച്ച് ആഹാരലഭ്യത ഉറപ്പു വരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ വനസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള പുതിയ നടപടികൾ എന്ന നിലയിൽ വനം മേഖലകളിൽ ക്യാമറാ ട്രാപ്പ് സംവിധാനം, ആന, കടുവ തുടങ്ങിയ |

വന്യമൃഗങ്ങളിൽ റേഡിയോ കോളർ ഘടിപ്പിച്ചുള്ള നിരീക്ഷണം, പട്രോളിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ഇ-പട്രോളിംഗ് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) വനത്തിലുള്ള ഏതെങ്കിലും തരം പക്ഷിമൃഗാദികളെ ലൈസൻസോടുകൂടി വീടുകളിൽ വളർത്തുവാൻ അനുമതി കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**(ബി)** കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ ആന ഒഴികെയുള്ള വന്യമൃഗങ്ങളെ വീടുകളിൽ വളർത്താൻ അനുമതി നൽകിയിട്ടില്ല. 2005 ന മുമ്പ് അനുമതി കൊടുത്തിട്ടുണ്ടെങ്കിലും, വന്യജീവി സംരക്ഷണത്തിന്റേയും ജൈവ വൈവിദ്ധ്യ-ത്തിന്റേയും പ്രാധാന്യം കണക്കിലെടുത്ത് വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂളുകളിൽപ്പെട്ട ആന ഒഴികെയുള്ള യാതൊരു മൃഗത്തിനേയും വീട്ടിൽ വളർത്താൻ അനുമതി നൽകുന്നില്ല.

Valsala S.

സെക്ഷൻ ഓഫീസർ